ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കപ്പയിൽനിന്ന് സ്റ്റാർച്ചെടുത്തതിനു ശേഷം അതിന്റെ വേസ്റ്റു കന്നുകാലി തീറ്റിയായി ഉപയോഗപ്പെടുത്തുകയാണു ചെയ്യുന്നതു്. സ്റ്റാർച്ചു എക്സ്പോർട്ടു ചെയ്യുകയാണു പതിവു്. ഇവിടെനിന്നു എക്സ്പോർട്ടു ചെയ്യുന്ന സാധനങ്ങളിൽ അഡൾട്ടറേഷൻ വന്നതുകൊണ്ടാണു് എക്സ്പോർട്ടു കുറഞ്ഞതെന്നു ഒരഭിപ്രായമുണ്ടു്. അതു് ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ അഡൾട്ടറേഷൻ തടയുവാൻ എന്തു നടപടിയാണു് ഗവണ്മെന്റു എടുത്തിട്ടുള്ളതു് ?

ശ്രീ. ഇ. പി. പൗലോസ് : പലപ്പോഴും നമ്മുടെ കയറ്റുമതി സാധനങ്ങളിൽ മായംചേർക്കുന്നതുകൊണ്ടു്. കയറ്റുമതി സാധനങ്ങളുടെ വികസനം നടത്തുവാൻ സാധിക്കാതെ വരുന്നുണ്ടു്. ഐ. എസ്. ഐ. ആണു് കയറ്റുമതി സാധനങ്ങളുടെ സ്റ്റാൻഡേർഡു് ഫിക്സു ചെയ്യുന്നതു്.

കോഴിക്കോട്ടെ ടൂറിസ്റ്റു ബംഗ്ലാവു്

* 296. [9] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടെ ടൂറിസ്റ്റു ബംഗ്ലാവു് വികസിപ്പിക്കുവാനുള്ള പദ്ധതി എന്തായി;

(ബി) അതിന്റെ പ്ലാനും എസ്റ്റിമേറ്റും കിട്ടിയോ;

(സി) എത്ര സംഖ്യ അതിനു നീക്കിവച്ചിട്ടുണ്ടു്;

(ഡി) മൂന്നാം പദ്ധതിയിൽ മറ്റു ഏതെല്ലാം ടൂറിസ്റ്റു ബംഗ്ലാവുകളും വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(ഈ) വടക്കെ വയനാട്ടിൽ ഒരു ടൂറിസ്റ്റു ബംഗ്ലാവു നിർമ്മിക്കുന്ന കാര്യം പരിശോധിക്കാമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ .പി. പി. ഉമ്മർകോയ):

(എ) ഇതു് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതിലേയ്ക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അയ്ക്കുവാൻ ചീഫ് ഇൻജിനീയരോടാവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ഇല്ല.

(സി) 1.25 ലക്ഷം രൂപാ.

(ഡി) ബോംഗാട്ടി, ഇടപ്പാളയം, കണ്ണൂർ, മലമ്പുഴ എന്നീ ടൂറിസ്റ്റു ബംഗ്ലാവുകളും വികസിപ്പിക്കുന്നതിനു മൂന്നാം പഞ്ചവത്സരപദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ടു്.

(ഈ) മൂന്നാംപഞ്ചവത്സരപ്പദ്ധതിക്കാലത്തു് നിവർത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പല ടൂറിസ്റ്റു ബംഗ്ലാവുകളുടെയും പണി യാതൊന്നുമാകാതെ ഇപ്പോഴും കിടക്കുകയാണു്. കൊട്ടാരക്കരയിൽ ടൂറിസ്റ്റു ബംഗ്ലാവായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം അതിന്റെ ഉടമസ്ഥൻ ടൂറിസ്റ്റു ഡിപ്പാർട്ടുമെന്റിനു വിട്ടുകൊടുത്തിട്ടില്ലെന്നും മറ്റും വളരെ തെറ്റിദ്ധാരണാപരമായ റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതെല്ലാം അവസാനിപ്പിച്ചു മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ടൂറിസ്റ്റുബംഗ്ലാവുകളുടെ പണി പൂർത്തിയാക്കുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളും ഈ പദ്ധതിക്കാലത്തുതന്നെ പൂർത്തിയാക്കുമെന്നു പറയുവാൻ സാദ്ധ്യമല്ല. സാമ്പത്തികമായ വിഷമമാണു് അതിന്റെ പ്രധാനകാരണം. കൊട്ടാരക്കരയിൽ ഒരു ടൂറിസ്റ്റു ലോഞ്ചു് നിർമ്മിക്കുന്ന കാര്യം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും അതിന്റെ പണി ഈ പദ്ധതിക്കാലത്തു നടത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. അതിനാവശ്യമായ സ്ഥലം, സ്ഥലഉടമസ്ഥൻ പൊസഷൻ നല്കാൻ തയ്യാറായിരുന്നുവെങ്കിലും ആ സ്ഥലം ഗവണ്മെന്റു് ഏറ്റെടുത്തിട്ടില്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഈ ടൂറിസ്റ്റു് ഇടപാടുകളിൽ മൊത്തത്തിൽ ഗവണ്മെന്റിനു് ആദായമാണോ, അതോ നഷ്ടമാണോ ഉള്ളതു് ? മന്ത്രി മാർക്കു് താമസിക്കുവാനായിട്ടു് ടൂറിസ്റ്റു് ബംഗ്ലാവുകളിൽ സൗകര്യം ചെയ്യുന്നതിന്റെ ഫലമായിട്ടു് യാതൊരു കാര്യവുമില്ലാതെ അനവധി മുറികളിൽ കൂടി 70,000 ത്തിൽ അധികം രൂപ ഒരാണ്ടിൽ ഗവണ്മെന്റിനു് നഷ്ടം വരുന്നുണ്ടെന്നറിയാമോ ?

Mr. Speaker : The hon. member has raised this question once.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : എന്നിട്ടും നന്നാകുന്നില്ല. പറഞ്ഞതു കൊണ്ടായോ ? ഈ നഷ്ടം വരാതിരിക്കുന്നതിനു് ഗവണ്മെന്റു് എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇതു് ആദായത്തിനുവേണ്ടി നടത്തുന്ന ഒരേർപ്പാടല്ല. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ആദായം നോക്കാതെതന്നെ ഈ വക സൌകര്യകരം ഉണ്ടാക്കിയിരിക്കുകയാണു്. മന്ത്രിമാർക്കു് ഇന്നനുവദിച്ചിട്ടുള്ള സൌകര്യം ഇല്ലായ്മ ചെയ്തുകൊണ്ടു് ആദായമുണ്ടാക്കാൻ ഗവണ്മെന്റിനുദ്ദേശമില്ല.

ശ്രീ. സി. അച്യുതമേനോൻ: കോഴിക്കോട്ടു് ടൂറിസ്റ്റു് ബംഗ്ലാവല്ലാതെ കൊല്ലത്തും എറണാകുളത്തും മറ്റും ഉള്ളതുപോലെ നല്ല നിലയിലുള്ള ടി. ബി. ഒന്നുമില്ല. അതുകൊണ്ടു് ഗവണ്മെന്റു് അവിടെ വളരെയധികം മുറികളുള്ള ഒരു ടി. ബി. ഉണ്ടാക്കാൻ ആലോചിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : ആലോചിക്കാം.

ഗ്രാമീണബാങ്കു്

* 297. [10] ശ്രീ. എം. രവീന്ദ്രനാഥു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സഹകരണവർഷത്തിൽ ഓരോ പ്രൈമറി ഗ്രാമീണബാങ്കിൽ എത്ര രൂപ വീതം വായ്പയായി കൊടുത്തിട്ടുണ്ടു്;

(ബി) വായ്പ ശരിയായി കൊടുക്കുവാൻ ചില ബാങ്കുകൾക്കു് സാധിക്കാതെ വന്നതിന്റെ കാരണം എന്തെന്നു് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഈ കുറവു പരിഹരിക്കുവാൻ വേണ്ട നടപടിയെടുക്കുമോ ?

ക്ഷീരവികസനമന്ത്രി (ശ്രീ ഈ. പി. പൗലോസു്) :

(എ) 1963–64 സഹകരണവർഷത്തിൽ 31-12-1963 വരെ ഓരോ ഗ്രാമീണബാങ്കിൽനിന്നും കൊടുത്തിട്ടുള്ള വായ്പകളുടെ വിഹിതം ചുവടെ ചേർക്കുന്നു:

		രൂപ	ന.പൈസ
തിരുവനന്തപുരം	ഗ്രാമീണബാങ്കു്	3,25,732	55
കൊല്ലം	,,	4,70,655	00
ആലപ്പുഴ	,,	2,15,252	00
കോട്ടയം	,,	3,31,245	00
മീനച്ചിൽ (പാലായു്)	,,	34,700	00

LIBRARY ARCHIVES Kerala Legislative Assembly